<u>പതിനാലാം കേരള നിയമസഭ</u>
<u>പതിനെട്ടാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 329** **03.02.2020 - ൽ മറുപടിക്ക്.**

**<u>റേഷൻ വിതരണം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.എ. എൻ. ഷംസീർ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ വിതരണം കുറ്റമറ്റതും സുതാര്യവും ആക്കുന്നതിനായി എന്തൊക്കെ കാര്യങ്ങൾ ആണ് ഈ സർക്കാർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | **(എ)** റേഷൻകാർഡുകളുടെ വിതരണം പൂർണമായും ഓൺലൈനായി മാറി. പുതിയ കാർഡിനായും കാർഡിലെ തിരുത്തലുകൾക്കായും ഉള്ള അപേക്ഷകൾ ഓൺലൈനായി അപേക്ഷിക്കാനും അപേക്ഷയുടെ സ്ഥിതി നിരീക്ഷിക്കാനും സാധിക്കും. സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കിയതു മൂലം റേഷൻകടകളിൽ സാധനങ്ങൾ എത്തിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ കമ്പ്യൂട്ടർവല്ക്കരിച്ചു. ഓരോ കടയിലെയും ഗോഡൗണുകളിലെയും സ്റ്റോക്ക് വിവരങ്ങൾ ആർക്കും തത്സമയം നിരീക്ഷിക്കാൻ സാധിക്കും. എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചതു മൂലം റേഷൻകടകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമായി മാറി. യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കാൻ സാധിക്കുന്നു. ഓൺലൈനായി പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതിപരിഹാരസംവിധാനം പൊതുജനങ്ങൾക്ക് ഗുണകരമാണ്. <u>civilsupplieskerala.gov.in</u>, <u>epos.kerala.gov.in</u> എന്നീ സുതാര്യതാ പോർട്ടലുകളിലൂടെ റേഷൻകാർഡുകളുടെ വിവരങ്ങളും റേഷൻകടയിലെ വിവരങ്ങളും തത്സമയം നിരീക്ഷിക്കാൻ സാധിക്കും. |
| **(ബി)** റേഷൻ കാർഡ് ഉടമകൾക്ക് അർഹതപ്പെട്ടത് ലഭ്യമാകുന്നുണ്ട് | **(ബി)** എല്ലാ റേഷൻകടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ |

എന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സ്ഥാപിക്കുകയും ഗുണഭോക്താക്കളുടെ ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് സുതാര്യമായ റേഷൻവിതരണ സംവിധാനം നടപ്പിലാക്കി. ഗുണഭോക്തൃ വിഹിതം, കൈപ്പറ്റിയ വിഹിതം എന്നിവ സംബന്ധിച്ച എസ്എംഎസ് സന്ദേശങ്ങൾ എല്ലാ മാസവും റേഷൻകാർഡുടമകൾക്ക് അയക്കുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തെ ഏതു റേഷൻകടയിൽ നിന്നും റേഷൻ വാങ്ങാവുന്ന പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ എഎവൈ/ മുൻഗണന കാർഡുകൾക്ക് രാജ്യത്തെ 12 സംസ്ഥാനങ്ങളിൽ നിന്ന് റേഷൻ വാങ്ങാവുന്ന വിധം നാഷണൽ പോർട്ടബിലിറ്റി നടപ്പാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**